ശ്രീ. ഇ. കെ. നായനാർ : സർ, ഇൻഡ്യയിൽത്തന്നെ ഇത്തരം സംവിധാനം ഇവിടെ മാത്രമേ ഉള്ളൂ. ആന്ധ്രയിൽ ഭാഗികമായിട്ടുമാത്രമേ നടപ്പാക്കിയിട്ടുള്ളൂ. ചീഫ്മിനിസ്റ്റേഴ്സ് കോൺഫറൻസിൽ മറ്റു സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ എന്നോട് ഇതിനെപ്പറ്റി അന്വേഷിക്കുകയുണ്ടായി. എങ്ങനെയാണ് ഇത് നടപ്പിലാക്കിയത്, ഞങ്ങൾക്കും കൂടി ഇതു നടപ്പിലാക്കണമായിരുന്നു എന്നൊക്കെ അന്ന് അവർ പറയുകയുണ്ടായി. എന്നിട്ടു വേണം ഇൻഡ്യാ ഗവണ്മെന്റിനെ സമീപിക്കാൻ.

ശ്രീ. പാലോട് രവി : സർ, അധികാരങ്ങൾ മുഴുവൻ ത്രിതല പഞ്ചായത്തുകൾക്ക് കൈമാറിയിരിക്കുന്ന സാഹചര്യത്തിൽ ജനസേവന കേന്ദ്രങ്ങൾ എല്ലാ ജില്ലാ പഞ്ചായത്തുകളുടേയും നേതൃത്വത്തിൽ തുടങ്ങുന്നതിനുള്ള ശക്തമായ നിർദ്ദേശം ഗവൺമെന്റിന്റെ ഭാഗത്തുനിന്നു നൽകുമോ ?

ശ്രീ. ഇ. കെ. നായനാർ : സർ, കഴിഞ്ഞദിവസം എല്ലാ കളക്ടർമാരുടേയും കോൺഫറൻസ് വിളിച്ചിരുന്നു. ഇടുക്കിയിൽ മാത്രമേ സ്ഥലത്തിനു വിഷമമുള്ളൂ എന്നു പറഞ്ഞു. ഞാൻ പറഞ്ഞു, ഇത് എത്രയും പെട്ടെന്ന് ഉണ്ടാക്കിക്കൊള്ളണമെന്ന്, സ്ഥലം ഉണ്ടാക്കണമെന്ന് നിർബന്ധപൂർവ്വം പറഞ്ഞിരിക്കുകയാണ്.

ശ്രീ. ടി.കെ. നൗഷാദ് : സർ, ജനങ്ങൾക്ക് ഏറ്റവും പ്രയോജനകരമായ ജനസേവന കേന്ദ്രങ്ങളിലേയ്ക്ക് ജീവനക്കാരെ വിട്ടുകൊടുക്കാൻ വിവിധ വകുപ്പുകൾ മടി കാണിക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ജീവനക്കാരെ വിട്ടുകൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ശ്രീ. ഇ. കെ. നായനാർ : സർ, കൊടുക്കും. ഇതിന്റെ അനുഭവം കിട്ടിക്കഴിഞ്ഞാൽ പിന്നെ കൊടുക്കാതെ നിവൃത്തിയില്ല. ഇല്ലെങ്കിൽ കൊടുപ്പിക്കും.

കെ.ടി.ഡി.സി-യുടെ പ്രവർത്തനം

3(*151) ശ്രീ. എം. എ തോമസ് :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. പി. കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷന്റെ ലാഭനഷ്ടങ്ങൾ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരമേറ്റശേഷം കെ.ടി.ഡി.സിയുടെ റവന്യൂ വരുമാനം എത്രകണ്ടു വർദ്ധിപ്പിക്കാൻ സാധിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(സി) കെ.ടി.ഡി.സിയുടെ ആവർത്തന നഷ്ടം നികത്താൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ; കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ആവർത്തന നഷ്ടം എത്രയായിരുന്നു എന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

940/2010

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കെ.ടി.ഡി.സിയുടെ പ്രവർത്തനത്തിലൂടെ കഴിഞ്ഞ നാലര വർഷ കാലത്തിനിടയിൽ തൊഴിൽരംഗത്ത് എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാനായി എന്ന് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ ഇതിനകം എത്രപേർക്ക് തൊഴിൽ നൽകാനായി എന്ന് വെളിപ്പെടുത്തുമോ ;

(ഇ) കെ.ടി.ഡി.സി യെ സ്വകാര്യവൽക്കരിക്കാൻ ആലോചിക്കുന്നതായുള്ള പ്രചരണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ ; എങ്കിൽ ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് എന്തെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) കെ.ടി.ഡി.സി യെ പൊതുമേഖലയിൽത്തന്നെ നിലനിർത്താനും പ്രവർത്തനം മെച്ചപ്പെടുത്തി കൂടുതൽ ലാഭം ഉണ്ടാക്കാനും ഉദ്ദേശമുണ്ടോ ;

(ജി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടി തുടർന്ന് സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) കെ.ടി.ഡി.സിയുടെ പ്രവർത്തനം സർക്കാർ കാലാകാലങ്ങളിൽ വിലയിരുത്തിവരുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരമേറ്റപ്പോൾ, താല്ക്കാലിക കണക്കുകൾ പ്രകാരം 1995-96-ൽ കെ.ടി.ഡി.സിയുടെ വരുമാനം 28.86 കോടി രൂപയായിരുന്നു. എന്നാൽ 1999-2000-ലെ വരുമാനം അഡിറ്റ് ചെയ്യാത്ത കണക്കുകൾ പ്രകാരം 34.23 കോടി രൂപയാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കെ.ടി.ഡി.സി.യുടെ സഞ്ചിത നഷ്ടം 5.75 കോടി രൂപയായിരുന്നു. 1999-2000-ലെ കണക്കുകൾ പ്രകാരം സഞ്ചിത ലാഭം 6.25 കോടി രൂപയാണ്.

(ഡി) പുതിയ സ്ഥാപനങ്ങൾ ആരംഭിച്ചതിലൂടെയും നിലവിലുള്ള പ്രവർത്തനങ്ങൾ വിപുലീകരിച്ചതിലൂടെയും കൂടുതൽ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുവാൻ കെ.ടി.ഡി.സി ക്ക് സാധിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.ടി.ഡി.സിയിൽ 128 പേർക്ക് സ്ഥിരം നിയമനം നൽകിയിട്ടുണ്ട്. കൂടാതെ 185 പേർക്ക് കൂടി പി.എസ്.സി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴി ജോലി നൽകാൻ നടപടി സ്വീകരിച്ചു വരുന്നു. ഓരോ വർഷവും അഞ്ഞൂറോളം പേർക്ക് ദിവസക്കൂലി അടിസ്ഥാനത്തിലും നാനൂറോളം പേർക്ക് ട്രെയിനികളായും ജോലി നൽകിവരുന്നുണ്ട്. കെ.ടി.ഡി.സിയുടെ വിവിധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് അനേകം പരോക്ഷ തൊഴിലവസരങ്ങളും ഉണ്ടായിട്ടുണ്ട്.

(ഇ) ഇങ്ങനെ ഒരു പ്രചരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പ്രചരണം സത്യ വിരുദ്ധമാണ്.

(എഫ്) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ജി) കെ.ടി.ഡി.സിയുടെ പ്രവർത്തനം മെച്ചപ്പെടുത്താനുദ്ദേശിച്ച് നടപ്പാക്കാനുദ്ദേശിക്കുന്ന പ്രധാന നടപടികൾ താഴെ പറയുന്നവയാണ്.

1. കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കിവരുന്നു.

2. 11 പുതിയ വഴിയോര യൂണിറ്റുകൾ നടത്തിപ്പിനായി കെ.ടി.ഡി.സി.യെ ഏൽപ്പിച്ചു.

3. ബോൾഗാട്ടി പാലസ്, മൂന്നാറിലെ ടീകൗണ്ടി, കുമരകം വാട്ടർ സ്കേപ്പ്സ്, മസ്ക്കറ്റ് ഹോട്ടൽ പഞ്ച നക്ഷത്ര ഹോട്ടലായി ഉയർത്തുക എന്നീ പ്രവർത്തനങ്ങളിലൂടെ കൂടുതൽ വിപുലമായ സേവനങ്ങൾ ലഭ്യമാക്കിക്കൊണ്ടിരിക്കുന്നു.

4. ഹോട്ടൽ ജീവനക്കാർക്ക് പ്രത്യേകതൊഴിൽ പരിശീലനം നൽകി അവരുടെ കഴിവുകൾ ഉയർത്താൻ നടപടി സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചിട്ടുണ്ട്.

ശ്രീ. എം. എ. തോമസ് : സർ, കെ.ടി.ഡി.സിയുടെ കീഴിൽ പ്രവർത്തിക്കുന്ന റസ്റ്റോറന്റുകളും ബിയർ പാർലറുകളും പലതും നഷ്ടത്തിലാണ് നടക്കുന്നതെന്നു മനസ്സിലാക്കുന്നു. ഇത് മാനേജുമെന്റിന്റെ കെടുകാര്യസ്ഥതയാണ് കാണിക്കുന്നത്. അതിനെക്കുറിച്ച് എന്തെങ്കിലും ഒരു അന്വേഷണം ഗവൺമെന്റ് തലത്തിൽ നടത്തിയിട്ടുണ്ടോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, ഒരു അസംപ്ഷനിൽ നിന്നാണ് കൺക്ലൂഷനിലേയ്ക്ക് പോയിരിക്കുന്നത്. ഒന്നാമത്തെ അസംപ്ഷൻ ഇതെല്ലാം നഷ്ടത്തിലാണെന്നാണ്. ഞാൻ ആകെയുള്ള സഞ്ചിത ലാഭം പറഞ്ഞു. നഷ്ടത്തിലായിരുന്നു, ഇപ്പോൾ സഞ്ചിത ലാഭം 6.25 കോടി രൂപയാണ്. ഇപ്പോൾ ലാഭത്തിലാണ് നടക്കുന്നത്. അപ്പോൾ നഷ്ടത്തിലാണ് എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ഒരു നടപടിക്രമത്തെക്കുറിച്ച് പറയേണ്ട കാര്യമില്ല. ഒരു ബിസിനസിൽ ചിലപ്പോൾ ചില യൂണിറ്റുകളിൽ താല്ക്കാലികമായി ലാഭമോ നഷ്ടമോ ഒക്കെ വരും ; ഇതനുസരിച്ച് അതിന്റെ പ്രവർത്തനം മാറ്റേണ്ടതായും വരും.

ശ്രീ. എം. എ. തോമസ് : സർ, ചില യൂണിറ്റുകളെക്കുറിച്ചാണ് പറഞ്ഞത്, അല്ലാതെ മൊത്തത്തിലുള്ള കാര്യത്തെക്കുറിച്ചല്ല. എന്റെ നിയോജകമണ്ഡലത്തിലുള്ള ഫോർട്ട് കൊച്ചി നിരവധി ടൂറിസ്റ്റുകളെ ആകർഷിച്ചുകൊണ്ടിരിക്കുന്ന ഒരു സ്ഥലമാണ്. പക്ഷേ കെ.ടി.ഡി.സിയുടെ ആഭിമുഖ്യത്തിൽ അവിടെ ഒരു കാര്യവും നടക്കുന്നില്ല. എന്തെങ്കിലും പദ്ധതി അവിടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, കെ.ടി.ഡി.സി അല്ലെങ്കിൽ സർക്കാർ എല്ലായിടത്തും ഹോട്ടലുകൾ തുടങ്ങേണ്ട ആവശ്യമില്ല. ഗവൺമെന്റിന്റെ ഇപ്പോഴത്തെ പോളിസി കെ.ടി.ഡി.സി ഒരു മോഡലായിട്ട് പ്രവർത്തിക്കുക. ഏതാനും ഫൈവ് സ്റ്റാർ ഹോട്ടലുകൾ നടത്തുക എന്നുള്ളതാണ്. പിന്നെയുള്ളത്

LIBRARY ARCHIVES Kerala Legislative Assembly

വഴിയോര വിശ്രമകേന്ദ്രങ്ങളാണ്. ഫാമിലിയായിട്ട് പോയാൽ അവർക്ക് ഒന്ന് റസ്റ്റ് ചെയ്ത് ആഹാരമൊക്കെ കഴിക്കുന്നതിനുവേണ്ടിയുള്ളതാണ്. അല്ലാതെ ബിയർ പാർലർ നടത്തുന്ന ഒരു സ്ഥാപനമായിട്ടല്ല ഉദ്ദേശിക്കുന്നത്. ആ രീതിയിലുള്ള കുറെ സ്ഥാപനങ്ങൾ നടത്തുക എന്നുള്ളതാണ് ഉദ്ദേശിക്കുന്നത്. പിന്നെ പ്രൈവറ്റ് സെക്ടറിൽ, ഇപ്പോൾ കോ-ഓപ്പറേറ്റീവ് സെക്ടറിൽ ഒക്കെ ഹോട്ടലുകൾ തുടങ്ങുന്നുണ്ട്. മട്ടാഞ്ചേരിയിൽ നടത്തണമെന്നുണ്ടെങ്കിൽ ഇപ്പോൾ പ്രൈവറ്റ് സെക്ടറിൽ വലിയ ഹോട്ടലുകൾ വന്നിട്ടുണ്ട്. അല്ലാതെ എന്റയർ ഹോട്ടൽ ഇൻഡസ്ട്രി ഒരു പബ്ലിക് സെക്ടർ നടത്തുന്നത് ശരിയുമല്ല.

ശ്രീ. എം. വി. ജയരാജൻ : സർ, നമ്മുടെ ഹോട്ടൽ, റെസ്റ്റോറന്റ് മേഖലകളിൽ ധാരാളം സഹകാര്യ സ്ഥാപനങ്ങളുണ്ട്. നല്ല രീതിയിൽ പ്രവർത്തിക്കുന്ന നക്ഷത്രത്തിളക്കമുള്ള സ്ഥാപനങ്ങളുണ്ട്. പക്ഷേ അവയൊക്കെ ഇപ്പോൾ അറിയപ്പെടുന്നത് ബ്ലേഡ് കമ്പനികളായിട്ടാണ്. ആ സ്ഥാപനങ്ങളെപ്പോലെ കെ.ടി.ഡി.സിയുടെ സ്ഥാപനങ്ങളും മാറുന്നു എന്നുള്ള ആക്ഷേപമാണ് പൊതുവിൽ വരുന്നത് ; എന്നു പറഞ്ഞാൽ ഞാൻ ഉദ്ദേശിക്കുന്നത് അമിതമായ ചാർജ്ജ് ഇടാക്കുന്നു എന്നുള്ളതാണ്. നക്ഷത്ര നിലവാരത്തിലുള്ള ഹോട്ടലുകളിൽ അതാകാം. വഴിയോര വിശ്രമകേന്ദ്രങ്ങളിൽ ആഭ്യന്തര ടൂറിസ്റ്റുകളെക്കൂടി സഹായിക്കുന്ന വിധത്തിൽ, അതിന്റെ വിലനിലവാരം സാധാരണക്കാർക്കുകൂടി താങ്ങാൻ കഴിയുന്ന രീതിയിലാക്കാൻ ഒരു വിലയിരുത്തൽ നടത്തി തീരുമാനിക്കുമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, ഇതിന്റെ പ്രൈസിംഗ് പോളിസിയൊക്കെ കാലാകാലങ്ങളിൽ മാറണം. പക്ഷേ കെ.ടി.ഡി.സിയെ സബ്സിഡൈസ് ചെയ്യാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. റേഷൻ നമ്മൾ സബ്സിഡി കൊടുക്കുന്നുണ്ട്. ഇനി സബ്സിഡൈസ്ഡ് ഹോട്ടൽസ് വേണമെന്നുണ്ടെങ്കിൽ വേറെ ആലോചിക്കണം. പക്ഷേ കെ.ടി.ഡി.സി എന്നുള്ള സ്ഥാപനം ഒരു ബിസിനസ് സ്ഥാപനമായിട്ട് നടത്തണമെന്നും സബ്സിഡൈസ് ചെയ്യരുതെന്നുമുള്ളതാണ് ഇപ്പോൾ ഗവൺമെന്റിന്റെ നയം.

ശ്രീ. എം. വി. ജയരാജൻ : സർ, അങ്ങയുടെ മറുപടിയിൽ ഹോട്ടൽ ജീവനക്കാർക്ക് പ്രത്യേക തൊഴിൽ പരിശീലനം നൽകി അവരുടെ കഴിവുകൾ ഉയർത്താൻ നടപടി സ്വീകരിക്കുന്നു എന്നു പറഞ്ഞു. എന്തുകൊണ്ട് കെ.ടി.ഡി.സിക്ക് തന്നെ ഹോട്ടലീയറിംഗ് മാനേജ്മെന്റ് കോഴ്സ് ഉൾപ്പെടെയുള്ള ആധുനിക കോഴ്സുകൾ സർവ്വകലാശാലയുടേയോ മറ്റോ അനുമതിയോടുകൂടി നടത്തിക്കൂടാ ? അങ്ങനെ നടത്തിയാൽ നമ്മുടെ സംസ്ഥാനത്തു മാത്രമല്ല സംസ്ഥാനത്തിനു പുറത്തും തൊഴിലവസരങ്ങളുണ്ടാകും. അത്തരത്തിൽ തൊഴിലവസരകോഴ്സുകൾ സംഘടിപ്പിക്കാൻ കെ.ടി.ഡി.സി തയ്യാറാകുമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, ഇപ്പോൾത്തന്നെ ആരംഭിച്ചിട്ടുണ്ട്. കെ.ടി.ഡി.സി യാണ് നടത്തുന്നത്. കുക്കിംഗിനും മറ്റ് വിവിധ സർവ്വീസുകൾക്കുമുള്ള ഇൻസ്റ്റിറ്റ്യൂട്ടുണ്ട്. അതിലെ ഫസ്റ്റ് ബാച്ചിൽ പുറത്തുവന്നവർ സർട്ടിഫിക്കറ്റ് വാങ്ങുന്നതിനു മുമ്പുതന്നെ ജോലി കിട്ടിപ്പോവുകയും ചെയ്തിട്ടുണ്ട്. അത്

LIBRARY ARCHIVES Kerala Legislative Assembly

വിപുലപ്പെടുത്താൻവേണ്ടി ഇപ്പോൾ ഗസ്റ്റ് ഹൗസ് കോമ്പൗണ്ടിൽ അഞ്ചര ഏക്കർ സ്ഥലം കൊടുത്തിട്ടുണ്ട്. ആ അഞ്ചര ഏക്കർ സ്ഥലത്ത് വിപുലമായ തോതിൽ ഒരു സ്ഥാപനം പണിയാനാണ് ഉദ്ദേശിക്കുന്നത്. വേൾഡ് ട്രേഡ് ഓർഗനൈസേഷൻ പാർട്ട്നർ സ്റ്റേറ്റായിട്ട് കേരളത്തെ അംഗീകരിച്ചതുകൊണ്ട് നമ്മളിപ്പോൾ ഒരു പ്രോജക്ട് അവർക്ക് കൊടുത്തിട്ടുണ്ട്. ടൂറിസം സെക്രട്ടറി അതിന്റെ ചെയർമാനുമായിട്ടുള്ള നെഗോസിയേഷന് ഇപ്പോൾ ലണ്ടനിൽ പോയിരിക്കുകയാണ്. മിക്കവാറും വരുന്ന 4-ാം തീയതി അവരുടെ സഹകരണത്തോടുകൂടി വലിയ ഒരു ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങാനുള്ള കരാറുണ്ടാക്കാൻ സാധിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. അവിടെ വലിയ ഒരു ഇൻസ്റ്റിറ്റ്യൂട്ട് എന്തായാലും വരും. ഞാൻ ഉദ്ദേശിക്കുന്നത് ഇവിടത്തെ യൂണിവേഴ്സിറ്റിയുടെ അംഗീകാരമല്ല, ഇന്റർനാഷണൽ അക്സ്പ്റ്റൻസുള്ള ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഇവിടെ സ്ഥാപിക്കുക എന്നുള്ളതാണ്.

ശ്രീ. എം. പി. വർഗ്ഗീസ് : സർ, ബോൾഗാട്ടി പാലസിന്റെ നവീകരണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കാമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, അതിന്റെ ഉത്ഘാടനം കഴിഞ്ഞു. പക്ഷേ അവിടെ ഇനി ഒരു ലാൺ ഒക്കെ ശരിപ്പെടുത്താനുണ്ട്. അങ്ങനെ ചെറിയ ചെറിയ പണികളുണ്ട്.

ശ്രീ. എം. പി. വർഗ്ഗീസ് : സർ, കെ.ടി.ഡി.സി യുടെ ചില റസ്റ്റോറന്റുകളും ബിയർ പാർലറുകളും അടച്ചുപൂട്ടിയതായി ചില പത്രവാർത്തകർ വന്നു. ഇത്തരത്തിലുണ്ടാകാനിടയായ കാരണം എന്താണ് ; ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കെ.ടി.ഡി.സി. യുടെ പുതിയ റസ്റ്റോറന്റുകളും പുതിയ പ്രോജക്ടുകളും നടപ്പാക്കിയിട്ടുണ്ടോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, വാടകക്കെട്ടിടങ്ങളിൽ കിടന്ന 19 ബിയർപാർലറുകൾ അടച്ചുപൂട്ടി. അതിനുപകരം ഇതിനകംതന്നെ 11 വഴിയോര വിശ്രമ കേന്ദ്രങ്ങൾ കെ.ടി.ഡി.സി ക്ക് കൊടുത്തു. ഞാൻ ആദ്യം പറഞ്ഞത് ശരിയോ തെറ്റോ, അനുകൂലിക്കുകയോ പ്രതികൂലിക്കുകയോ ചെയ്യാം. ഗവൺമെന്റിനുവേണ്ടി എനിക്ക് പറയാനുള്ളത്, പ്രധാനമായി നമുക്ക് ആവശ്യമുള്ളത് (1) സ്റ്റാർ ഹോട്ടൽസ്. (2) കുടുംബസമേതം സഞ്ചരിക്കുന്ന വർക്ക്, വഴിയിൽ റസ്റ്റ് ചെയ്ത് കാപ്പിയോ ഊണോ ഒക്കെ കഴിക്കാനുള്ള സൗകര്യമാണ് ; അല്ലാതെ ഊന്നൽ കൊടുക്കേണ്ടത് ബിയർ പാർലറുകൾക്കല്ല. ഇപ്പോൾത്തന്നെ ഞാൻ നിർദ്ദേശിച്ചിരിക്കുന്നത്. ഇവയുടെ ഫ്രണ്ടിൽ എവിടെയെങ്കിലും ബിയർ പാർലർ ഉണ്ടെങ്കിൽ അത് പുറകിൽ എവിടെയെങ്കിലും മാറ്റിക്കൊള്ളണമെന്നാണ്. വന്നു കയറുന്ന ഉടനെ ഒരു ഷാപ്പിലിരിക്കുന്നത് പോലെയാകരുത് എന്നാണ്.

ശ്രീ. പി. കെ. കുമാരൻ : സർ, കെ.ടി.ഡി.സി യുടെ റസ്റ്റോറന്റുകളും ബിയർ പാർലറുകളുമെല്ലാം പ്രധാനമായും നഗരപ്രദേശങ്ങൾ കേന്ദ്രീകരിച്ചാണുള്ളത്. നമ്മുടെ നാട്ടിൻപുറങ്ങളിൽ-ഗ്രാമപ്രദേശങ്ങളിൽ- ഇവിടെ പ്രവർത്തനം കുറേക്കൂടി വ്യാപകമാക്കാനുള്ള നടപടിയെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ ; അതിനാവശ്യമായിട്ടുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, ഞാൻ ഇതിന്റെ ലക്ഷ്യത്തെക്കുറിച്ച് പറഞ്ഞു. സ്റ്റാർ ഹോട്ടൽ എന്നു പറയുമ്പോൾ, ഗ്രാമപ്രദേശത്ത് അതിനുള്ള ലൊക്കേഷൻ പറ്റുമെങ്കിൽ, ആവശ്യമാണെങ്കിൽ അതൊരു ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ ആക്കുകയാണെങ്കിൽ - കുമരകം ഒരു ഗ്രാമമാണ്. പഞ്ചായത്താണ്. അവിടെ ഒരു സ്റ്റാർ ഹോട്ടൽ ഉണ്ട്. രണ്ടാമതായി നാഷണൽ ഹൈവേയുടെ അല്ലെങ്കിൽ മെയിൻ ഹൈവേയുടെ സൈഡിലായിട്ടായിരിക്കും. ഇപ്പോൾ തുടങ്ങിയിരിക്കുന്നത് പലതും ഗ്രാമങ്ങളിലാണ്. കായംകുളത്തേയ്ക്ക് പോകുമ്പോഴുള്ള വഴിയോര വിശ്രമകേന്ദ്രം കൃഷ്ണപുരത്താണ്. ഇതും പഞ്ചായത്ത് പ്രദേശമാണ്. അങ്ങനെ പലതും ഇപ്പോൾത്തന്നെ പഞ്ചായത്തുകളിലാണ് പ്രവർത്തിക്കുന്നത്.

ശ്രീ. പി. കെ. കുമാരൻ: സർ, കെ.ടി.ഡി.സി.യുടെ പ്രവർത്തനങ്ങൾക്ക് കേന്ദ്ര ഗവൺമെന്റിൽനിന്ന് ഏതെങ്കിലും തരത്തിലുള്ള സഹായം നമ്മുടെ സംസ്ഥാനത്തിന് ലഭിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അതിനെക്കുറിച്ച് വിശദീകരിക്കുമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, കെ.ടി.ഡി.സി.-ക്ക് കേന്ദ്രഗവൺമെന്റ് ഒരു സഹായവും തരുന്നില്ല. പക്ഷേ വഴിയോര വിശ്രമകേന്ദ്രങ്ങൾ പണിയുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ സഹായങ്ങൾ കിട്ടുന്നുണ്ട്.

ശ്രീ. ജി. കാർത്തികേയൻ : സർ, നഷ്ടത്തിൽ നടന്നിരുന്ന കെ.ടി.ഡി.സി. ഇപ്പോൾ ലാഭകരമായി വരുന്നു എന്ന് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. നല്ലതാണ്. പക്ഷം വഴിയോര വിശ്രമ കേന്ദ്രങ്ങളിലും മറ്റ് സ്ഥലങ്ങളിലും അധികമായി ബിയർ പാർലറുകൾകൂടി തുടങ്ങി അതിന്റെ പേരിൽ വന്നിട്ടുള്ള ലാഭമാണോ അതോ നമ്മുടെ കെ. ടി. ഡി. സി. മാനേജ്മെന്റിൽ വരുന്ന ഗുണപരമായ ഒരു മാറ്റമായിരുന്നോ അത് എന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഏതുവഴിയാണ് രൂപയുടെ അടിസ്ഥാനത്തിൽ ലാഭമുണ്ടായത് ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, യഥാർത്ഥത്തിൽ 19 എണ്ണം അടച്ചുപൂട്ടിയത്, മെയിനായിട്ട് അവിടെ ഊന്നൽ കൊടുത്തിരുന്നത് ബിയർ പാർലറുകൾക്കാണ്. വാടകക്കെട്ടിടത്തിൽ ബിയർ പാർലറുകൾ നടത്തിക്കൊണ്ടിരുന്നു. പാർലറുകൾ ഒരുകാലത്ത് ലാഭമായിരുന്നു. ബിയറിന്റെ ലൈസൻസ് ഫീസൊക്കെ തുച്ഛമായിരുന്നപ്പോൾ അത് ലാഭമായിരുന്നു. ഇപ്പോൾ ബിയർ പാർലറുകൾ ലാഭകരമല്ല. പക്ഷേ നാം മെയിനായിട്ട് ശ്രദ്ധിക്കുന്നത് ഫുഡ് ഐറ്റത്തിലാണ്, അതിലാണ് ലാഭമുണ്ടാകുന്നത്. അതിലെ പ്രൈസിംഗ് പോളിസിയൊക്കെ വളരെ കറക്ടാണ്. ഇക്കാര്യം ശ്രീ. ആര്യാടന് തന്നെ അറിയാവുന്നതാണ്. അദ്ദേഹത്തിന്റെ കാലത്തുതന്നെ പ്രൈസിംഗിൽ ഒരു ചെറിയ മാറ്റം വരുത്തി. അതിന്റെ ഫലമായി 1994-95-ൽ അതിന്റെ നഷ്ടം കുറച്ച് നികത്താൻ സാധിച്ചു. അങ്ങനെ അതിന്റെ പ്രൈസിംഗ് പോളിസിയാണ് ഈ ചെയ്ഞ്ച് ഉണ്ടാക്കിയത്.

LIBRARY ARCHIVES Kerala Legislative Assembly.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : സർ, കേരളത്തിലെ വഴിയോര വിശ്രമ കേന്ദ്രങ്ങളിൽ ഏറ്റവും കൂടുതൽ ലാഭകരമായി പ്രവർത്തിച്ചിരുന്ന ഒന്നാണ് കണ്ണൂർ ജില്ലയിലെ മാങ്ങാട്ടുപറമ്പിലുള്ള വഴിയോര വിശ്രമകേന്ദ്രം. അത് ഇപ്പോൾ മാസങ്ങളായി പൂട്ടിക്കിടക്കുകയാണ്. വളരെ സുന്ദരമായ ഒരു സ്ഥലത്ത്, ജനങ്ങളെ നല്ലതുപോലെ ആകർഷിച്ചിരുന്ന ആ കേന്ദ്രം അടിയന്തിരമായി തുറന്നു പ്രവർത്തിപ്പിക്കാൻ വേണ്ടിയുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, അവിടെ ഒന്നുരണ്ടെണ്ണം അടച്ചു പൂട്ടേണ്ടിവന്നു. അതൊരു പോളിസി ക്വസ്റ്റ്യന്റെ പ്രശ്നമാണ്. അവിടെ കെ.ടി.ഡി.സി.യിൽ ഡെയ്‌ലീ വേജസിൽ ഉള്ള വർക്കേഴ്സ് ഉണ്ട്. അവരെ സ്ഥിരപ്പെടുത്തണമെന്നു പറഞ്ഞ് അവർ സമരം നടത്തി. അത് കുറച്ച് സംഘർഷഭരിതമായി. സ്ഥിരപ്പെടുത്തുന്നതിനോട് ഞാൻ എതിരല്ല. പക്ഷേ അങ്ങനെ സ്ഥിരപ്പെടുത്തുന്നത് മങ്ങാട്ടുപറമ്പിൽ മാത്രമായി ഒക്കുകയില്ല. സംസ്ഥാനമൊട്ടുക്ക് എല്ലാ ഡെയ്‌ലി വേജസുകാരെയും സ്ഥിരപ്പെടുത്തുകയാണ് എന്നുണ്ടെങ്കിൽ അതിൽ തെറ്റില്ല. ഒരു പോളിസി ക്വസ്റ്റ്യൻ ഗവൺമെന്റ് എടുക്കേണ്ടതായിട്ടുള്ളതുകൊണ്ട് ഗവൺമെന്റ് അങ്ങനെ ഒരു പോളിസി ക്വസ്റ്റ്യൻ എടുക്കാൻ തുടങ്ങുമ്പോൾത്തന്നെ കെ.ടി.ഡി.സി.-ൽ തുടങ്ങുമ്പോൾ വ്യവസായമന്ത്രി പറയും വ്യവസായവകുപ്പിലും ഇത് തുടങ്ങണമെന്ന്. അങ്ങനെ വളരെ വിപുലമായ ഒരു പോളിസി ക്വസ്റ്റ്യൻ ഉണ്ട്. അത് അടഞ്ഞു കിടക്കുന്നതിൽ വളരെ മനോവിഷമമുണ്ട്. അത് എങ്ങനെയെങ്കിലും തുറക്കാൻ ബഹുമാനപ്പെട്ട മെമ്പർകൂടി ശ്രമിക്കുകയാണെങ്കിൽ തീർച്ചയായും ഞാൻ സഹകരിക്കാം.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, വഴിയോര വിശ്രമകേന്ദ്രങ്ങളിലെ ബിയർ പാർലറുകളെപ്പറ്റിയാണ് ചോദ്യം. ഞാൻ ചോദിക്കുന്ന ഒരു കാര്യം, ഇപ്പോൾ കുടുംബസമേതം പോകുന്ന ഒരാൾ വിശ്രമിക്കാനായി വഴിയോര വിശ്രമകേന്ദ്രങ്ങൾ തെരഞ്ഞെടുക്കുന്നത് വളരെ കുറവാണ്. ബിയർപാർലറുകളെ ഇതിൽനിന്ന് ഒഴിവാക്കിയാൽ അതിന്റെ സാമ്പത്തിക സാഹചര്യത്തെ ബാധിക്കാം. ചില സ്ഥലങ്ങളിലെ ചില ചെറിയ വഴിയോര വിശ്രമകേന്ദ്രങ്ങൾ സന്ദർശിച്ച അനുഭവത്തിന്റെ വെളിച്ചത്തിൽ ഞാൻ പറയുകയാണ്, ഈ ബിയർ പാർലറുകൾ ഒഴിവാക്കി ഇന്നത്തെ ഈ വഴിയോര വിശ്രമകേന്ദ്രങ്ങൾ കണ്ടതിന്റെ അടിസ്ഥാനത്തിൽ, അതായത് ഫാമിലിയായിട്ട് വന്നാൽ കുട്ടികൾക്ക് കളിക്കാനുള്ള സൗകര്യവും തൊട്ടടുത്ത് ഒരു പെട്രോൾപമ്പും ഒക്കെയുള്ള ഒരു കൺസപ്റ്റിലേയ്ക്ക് ഇത് വികസിപ്പിച്ചെടുത്താൽ ഇന്നുള്ളതിനേക്കളേറെ കച്ചവടം ഈ വഴിയോര കേന്ദ്രങ്ങളിൽ നടക്കും. ഇപ്പോൾ എന്താണ് സംഭവിക്കുന്നത്. ഫാമിലിയായി ആളുകൾ ബിയർ പാർലറുകളിൽ പോകുമോ ? ബിയർ പാർലറുകൾ ഒഴിവാക്കി ഫാമിലിയായി വരുന്നവർക്ക് കുറച്ചുകൂടി സൗകര്യമായി വന്നുപോകാൻ പറ്റുന്ന വിധത്തിലുള്ള സൗകര്യത്തോടുകൂടിയ കൺസപ്റ്റിലേയ്ക്ക് ഇതിനെ ഉയർത്തിക്കൊണ്ടുവന്നാൽ കച്ചവടം കൂടും. ഇക്കാര്യം ഗൗരവമായി എടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, ഞാൻ ആദ്യംതന്നെ സൂചിപ്പിച്ചതാണ്, ബിയർ പാലർലറുകളുടെ എംഫസിസ് കുറക്കാനായിട്ടാണ് ഉദ്ദേശിക്കുന്നത്. ഇപ്പോൾത്തന്നെ ബിയർ പാർലറുകൾ വേണമെന്നുപറയുന്ന ചില സ്ഥലങ്ങളിൽ ബിയർ പാർലർ, ഹോട്ടലിന്റെ മുമ്പിലോ അതിന്റെ പരിസരത്തോ ആകാതെ കുറച്ച് പുറകിലെങ്ങാനും നടത്തുക. വാസ്തവത്തിൽ, ഫാമിലിയായിട്ട് വരുന്നവർക്ക് ഒന്ന് റസ്റ്റ് എടുക്കാനും നല്ല ആഹാരം കഴിക്കാനുമുള്ള സംവിധാനമാണ് അതുകൊണ്ടുദ്ദേശിക്കുന്നത്. പക്ഷേ ഒരു കാലഘട്ടത്തിൽ ബിയർ പാർലറുകൾ ലാഭകരമായിരുന്നപ്പോൾ ഇതിന്റെ നഷ്ടം നികത്താൻ ബിയർ പാർലറുകൾ ഉപയോഗിച്ചിരുന്നു എന്നുള്ളത് ശരിയാണ്. ഇപ്പോൾ ഞാൻ കാണുന്ന പോളിസി, വഴിയോര വിശ്രമകേന്ദ്രമായിട്ട് തന്നെ അവ ഡവലപ്പ് ചെയ്യണമെന്നുള്ളതാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ നിർദ്ദേശം എങ്ങനെ നടപ്പിലാക്കാമെന്നുള്ളത് പരിശോധിക്കാവുന്നതാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, കെ. ടി. ഡി.സി.-യുടെ ഹോട്ടലുകൾ ലാഭകരമായി പ്രവർത്തിക്കുന്നതായും പുതിയ ധാരാളം വികസന സാദ്ധ്യതകളെക്കുറിച്ചും ഇവിടെ വെളിപ്പെടുത്തിക്കഴിഞ്ഞു. ഈ സാദ്ധ്യതകൾ ഉൾപ്പെടുത്തിക്കൊണ്ട് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള നടപടി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ടാണ് എനിക്ക് ചോദിക്കാനുള്ളത്. ഇന്ന് പി.എസ്.സി. മുഖാന്തിരവും അതല്ലാതെ ഡയറക്ടായിട്ടുമാണ് ഇവിടെ തൊഴിലാളികളേയും ജീവനക്കാരെയും നിയമിക്കുന്നത്. സ്ഥിരം സ്വഭാവത്തോടുകൂടിയ ജോലി അനിശ്ചിതമായി നീണ്ടു നില്ക്കുന്ന കാലം, അതുപോലെ കാഷ്വലായോ കോൺട്രാക്ട് അടിസ്ഥാനത്തിലോ എച്ച്.ആർ.-ലോ മറ്റേതെങ്കിലും തരത്തിലോ വയ്ക്കാൻ പാടില്ല എന്നാണ് പുതിയ നിയമം. ഇത് സംബന്ധിച്ച് സുപ്രീം കോടതി വിധികൾ ഉണ്ടായിട്ടുണ്ട്. അതൊക്കെ വളരെ ഗൗരവമായി പഠിച്ച്, പരിശോധിച്ച് ആവശ്യമായ നടപടി എടുക്കേണ്ടതാണ്. കെ. ടി. ഡി. സിയിൽ പുതിയ തൊഴിലവസരങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് തൊഴിലാളികളെ റിക്രൂട്ട് ചെയ്യുന്നതും ഇന്നുള്ള തൊഴിലാളികളെ അവിടെ സ്ഥിരപ്പെടുത്തുന്നതും ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ഒരു വ്യക്തമായ നയം രൂപീകരിക്കുമോ ; അതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, കെ. ടി. ഡി. സി പൊളിയാത്ത രീതിയിലുള്ള ഏതു നടപടിയും സ്വീകരിക്കാൻ ഞാൻ തയ്യാറാണ്. അത് പൂട്ടിപ്പോകരുത്. അതിലെ എംഫസിസ്, തൊഴിലവസരം ഉണ്ടാകണമെങ്കിൽ കെ. ടി. ഡി. സി. ഉണ്ടായിരിക്കണം. കെ. ടി. ഡി. സി. കൂടുതൽ കൂടുതൽ ശക്തിയായി വളരാനുതകുന്ന രീതിയിൽ ഈ തൊഴിലാളികൾക്കെല്ലാം സൗകര്യം ചെയ്തുകൊടുക്കുന്നതിനോട് ഞാൻ യോജിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, കെ. ടി. ഡി. സി. ലാഭകരമായി വരുന്നു എന്നുള്ളത് സന്തോഷകരമാണ്. വളരെയധികം എക്സ്പാൻഷനും വരുന്നു എന്നാണ് പറഞ്ഞത്. ലാഭകരമാണ്, കൂടുതൽ തൊഴിൽ സാദ്ധ്യതകൾ ഉണ്ടാകുന്നു. ആ സന്ദർഭത്തിൽ ഇത്രയും ലാഭമുള്ള ഒരു സ്ഥാപനത്തിൽ വി. ആർ. എസ്. നടപ്പാക്കുന്നതിൽ എന്താണ് ന്യായീകരണം ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്, അദ്ദേഹത്തെ ആരോ തെറ്റിദ്ധരിപ്പിച്ചതുകൊണ്ടാണ്. വി. ആർ. എസ്. എന്നു പറയുന്നത്, ഞാൻ തൊഴിൽ നിയമം അറിയാവുന്ന് ആളല്ല, എങ്കിലും വി.ആർ.എസ്. എന്നു പറഞ്ഞാൽ വോളന്ററി റിട്ടയർമെന്റ് സ്കീം, പോസ്റ്റുകൾ കുറയ്ക്കാനായിട്ടാണ്. എന്നാൽ കെ.ടി.ഡി.സി.-യിൽ വി.ആർ.എസ്. നടപ്പാക്കിയിട്ടില്ല. ചെയർമാന്റെ പ്രസ്താവനയിലുമില്ല. വി. ആർ. എസ്. അല്ല നടപ്പിലാക്കിയത്. തെറ്റിദ്ധരിച്ച് പറയുന്നതാണ്. എന്താണെന്നുവച്ചാൽ സർക്കാർ സർവീസിലുള്ള ആനുകൂല്യങ്ങൾ ഇവിടെയുള്ള തൊഴിലാളികൾക്കും ഉണ്ട്. ഏതെങ്കിലും തൊഴിലാളി മുഴുവൻ പീരിയഡും ആകുന്നതിനുമുമ്പേ റിട്ടയർ ചെയ്യണമെന്ന് ആവശ്യപ്പെട്ടാൽ ആ റിട്ടയർമെന്റ് അനുവദിക്കുന്നുണ്ട്. ഇത് അങ്ങനെ അനുവദിച്ചാൽ ഒരു പോസ്റ്റും ഇല്ലാതാകുന്നുമില്ല.

ശ്രീ. സത്യൻ മൊകേരി : സർ, കെ.ടി.ഡി.സി. വളരെ ലാഭകരമായി പ്രവർത്തിക്കുന്ന സ്ഥാപനമായി വളർന്നു കഴിഞ്ഞിട്ടുണ്ട്. അതിന്റെ കീഴിൽ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ട്. കെ.ടി.ഡി.സി സ്വകാര്യ മേഖലയ്ക്ക് കൈമാറാൻ പോകുന്നു എന്ന പ്രചരണം നടക്കുന്നുണ്ട്. അതിന്റെ പിന്നിൽ ഒരു സ്വകാര്യ ലോബി തന്നെ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആ പ്രചരണങ്ങൾ തടയാൻ എന്തു നടപടി സ്വീകരിച്ചു ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, ആ പ്രചരണം തടയാനാകുമോയെന്നറിയില്ല. വളരെ അസന്നിഗ്ദ്ധമായ ഭാഷയിൽ ഞാൻ മാത്രമല്ല ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കുമരകത്ത് വച്ച് പ്രസംഗിച്ചതാണ്, കെ.ടി.ഡി.സി. സ്വകാര്യ മേഖലയ്ക്ക് കൊടുക്കുകയില്ല, അവിടെ വി. ആർ. എസ്. നടപ്പിലാക്കുകയില്ല എന്ന്. അതിനു ശേഷവും ഇതൊരു വിമർശനമായി പറയുമ്പോൾ നേട്ടം കിട്ടുമെന്നു വിചാരിച്ചായിരിക്കും ഇത് ആവർത്തിച്ചാവർത്തിച്ച് പറഞ്ഞു കൊണ്ടിരിക്കുന്നത്. മുൻപ് മസ്ക്കറ്റ് ഹോട്ടലും മറ്റും സ്വകാര്യമേഖലയ്ക്ക് കൊടുക്കാൻ നെഗോസിയേഷൻ നടന്നു. നഷ്ടത്തിൽ നടക്കുന്നതുകൊണ്ട് അത് തലയിൽ നിന്ന് ഒഴിയട്ടെ എന്നു വിചാരിച്ചായിരിക്കും ഇങ്ങനെ നെഗോസിയേഷൻ നടത്തിയത്. ഇപ്പോൾ കെ. ടി. ഡി. സി. നേരേചൊവ്വേ നടക്കുകയാണ്. അത് പബ്ലിക് സെക്ടറിൽ മെയിന്റെയിൻ ചെയ്യും. ഒരു തൊഴിലാളിയേയും സമ്മർദ്ദം ചെലുത്തി പിരിച്ചുവിടാൻ ആലോചിക്കുന്നില്ല. അവിടെ വി. ആർ. എസ്. നടപ്പിലാക്കാൻ ഗവൺമെന്റ് അനുവദിക്കുകയില്ല.

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, കർണ്ണാടക-കേരള അതിർത്തിയിൽ, എന്റെ നിയോജകമണ്ഡലത്തിൽ ഒരു വഴിയോര വിശ്രമകേന്ദ്രമാണുള്ളത്. അവിടെ ഞാൻ മിനിഞ്ഞാന്ന് ഭക്ഷണം കഴിക്കാൻ പോയി. അവിടെ ബിയർ സ്റ്റോക്കില്ലാത്തതുകൊണ്ട് ഭക്ഷണം പാകം ചെയ്യുന്നില്ല എന്നാണ് അറിയാൻ കഴിഞ്ഞത്. മന്ത്രി അവിടെ പറഞ്ഞ മറുപടിക്ക് കടകവിരുദ്ധമായിട്ടുള്ള ഒരു സമീപനമാണ് അവിടെ ഉണ്ടായത്. ബിയർ സപ്ലൈ ഇല്ലാത്തതുകൊണ്ട് അവിടെ

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷണം പാകം ചെയ്യാതായിട്ട് കുറേ ദിവസങ്ങളായി എന്നാണ് മാനേജരെ വിളിച്ച് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത്. ആ വഴിയോര വിശ്രമകേന്ദ്രത്തിൽ യഥാസമയം ഭക്ഷണം വിതരണം ചെയ്യാനും ആവശ്യമായ മെയിന്റനൻസ് നടത്താനും നടപടി സ്വീകരിക്കുമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, ബഹുമാനപ്പെട്ട മെമ്പർ കുറച്ചുദിവസം മുൻപ് എന്നെ ഇത് അറിയിച്ചിരുന്നുവെങ്കിൽ ഇങ്ങനെ സംഭവിക്കുകയായില്ലായിരുന്നു. ചിലപ്പോൾ അവിടെയൊരു മാനേജരോ മറ്റോ എന്തോ കാണിച്ചുകാണും. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് അംഗീകരിച്ചുകൊണ്ട് ഇത് എങ്ങനെ സംഭവിച്ചു എന്നുള്ളത് ഉടനെ അന്വേഷിക്കാം. ഇത് ഒരു കോർപ്പറേഷനാണ് നടത്തുന്നത് ; ഗവൺമെന്റ് നേരിട്ടല്ല നടത്തുന്നത്. ഏതെങ്കിലും മാനേജർ കുഴപ്പം കാണിച്ചോ എന്ന് അന്വേഷിക്കാം.

ശ്രീ. ജോൺ ഫെർണാണ്ടസ് : സർ, കെ.ടി.ഡി.സി. വളരെ ലാഭകരമായി പ്രവർത്തിക്കുന്നുണ്ട്. അതിന്റെ കീഴിലുള്ള ഹോട്ടലുകളും നല്ല നിലവാരം പുലർത്തുന്നുണ്ട്. ഈ ഹോട്ടലുകളിൽ ക്ലാസ്സിക്കലും നാടൻ കലകളും പ്രദർശിപ്പിക്കാൻ കഴിയുന്ന സംവിധാനം ഉണ്ടാക്കി ആ കലാകാരന്മാർക്കു കൂടി അവസരം കൊടുക്കുന്നതിനെപ്പറ്റി ആലോചിക്കുമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ടിനെക്കൊണ്ട് സ്റ്റഡി നടത്തിച്ചപ്പോൾ അവർ പറഞ്ഞത് പ്രധാനപ്പെട്ട ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിലൊക്കെ സീസണിൽ കലാപരിപാടികൾ നടത്താനുള്ള സംവിധാനം ഉണ്ടാക്കണമെന്നാണ്. കെ.ടി.ഡി.സി. തന്നെ കുമരകത്ത് ഇതിനൊരു സംവിധാനം ഉണ്ടാക്കുന്നുണ്ട്. ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്റ്റഡി റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതുപോലെ നമ്മുടെ കലയും സംസ്ക്കാരവും ടൂറിസ്റ്റുകൾക്ക് മനസ്സിലാകത്തക്കരീതിയിൽ പ്രധാനപ്പെട്ട ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിൽ പ്രദർശിപ്പിക്കാനുള്ള സംവിധാനം ഉണ്ടാക്കാൻ നയപരമായ തീരുമാനമെടുത്തിട്ടുണ്ട്.

ശ്രീ. പാലോട് രവി : സർ, കെ.ടി.ഡി.സി. മുൻകൈയ്യെടുത്ത് കേരളത്തിലെ പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ, പ്രധാനപ്പെട്ട ജില്ലകളിൽ ഒന്നുവീതം കലാഗ്രാമങ്ങൾ ത്രിതല പഞ്ചായത്തുകളുടെ സഹായത്തോടെ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ? കെ.ടി.ഡി.സി.-ക്ക് ഫണ്ട് ഉണ്ട്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : കെ.ടി.ഡി.സി. അതല്ല ഉദ്ദേശിക്കുന്നത്. അതിന് വലിയ തോതിൽ പ്രൈവറ്റ് ഇൻവെസ്റ്റ്മെന്റ് വരുന്നുണ്ട്. പ്രൈവറ്റ് ഹോട്ടലുകൾക്ക് ഇതിൽ താല്പര്യം വരുന്നുണ്ട്. ഇവരുടെ സ്റ്റഡി റിപ്പോർട്ട് അവരെ അറിയിക്കുന്നുണ്ട്. ഫ്രാൻസിലെ കൾച്ചറൽ മന്ത്രി ഇവിടെ വന്നിരുന്നു. നമ്മുടെ പഴയ കലാരൂപങ്ങളാണ് അവർക്ക് കൂടുതൽ താല്പര്യം. അത് പ്രദർശിപ്പിക്കത്തക്ക വിധത്തിൽ കലാസെന്ററുകൾ ടൂറിസ്റ്റ് ഡെസ്റ്റിനേഷൻസിൽ ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly